ഇൻറർവെൻഷനും ആവശ്യപ്പെടേണ്ട കാര്യമില്ലായിരുന്നു. കാരണം ഞാൻ ഇതിൻെറ ചുമതല ഏറെറടുത്തതിനു ശേഷം, അങ്ങ് എന്നെ ഇതിൻെറ ചെയർമാൻഷിപ്പ് ഏൽപ്പിച്ചതിനുശേഷം കഴിഞ്ഞ ജനുവരി 15-ന് ഇവിടെ കൂടുകയും അതിൻെറ ഇൻറിം റിപ്പോർട്ട് പരിശോധിക്കുകയും കമ്മിറ്റി മെമ്പർമാരോടും, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരോടും ഒപ്പം മാനസിക രോഗചികിൽസാ കേന്ദ്രം സന്ദർശിക്കുകയും ചെയ്തിരുന്നു. ആ റിപ്പോർട്ട് മുഴുവൻ പരിശോധിച്ചു. അതിനുശേഷം നിയമസഭാ സെക്രട്ടേറിയറേറ് ആ റിപ്പോർട്ടിൻെറ കരട് തയ്യാറാക്കി വരികയാണ്. അത് തയ്യാറായാൽ ഉടൻ ഈ സഭ തീരുന്നതിനു മുൻപുതന്നെ ഇവിടെ അവതരിപ്പിക്കുന്നതാണ്. നിയമസഭാ സെക്രട്ടേറിയറേറിൽനിന്നും റിപ്പോർട്ടിൻെറ കരട് തയ്യാറാക്കുന്നതിനുള്ള താമസം മാത്രമേയുള്ളൂ, അല്ലാതെ വേറെ യാതൊരു പ്രശ്നവും ഈ കാര്യത്തിലില്ല. കഴിഞ്ഞ മീറിംഗിൽ അഭിപ്രായഭേദം ഉണ്ടായിരുന്നില്ല. ആ മീറിംഗിൽ അഭിപ്രായഭേദം ഉണ്ടായിരുന്നുവെങ്കിൽ മനസ്സിലാകുമായിരുന്നു. ആ മീറിംഗിൽ തന്നെ കരട് റിപ്പോർട്ട് ഈ സഭ തീരുന്നതിനു മുൻപ് നിയമസഭയിൽ പ്രസൻറ് ചെയ്യണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

മി. സ്പീക്കർ: സാധാരണ ഇങ്ങനെയുള്ള ഒരു കാര്യത്തിൽ സ്പീക്കർ ഇടപെടാറില്ല. എന്തായാലും പർപ്പസ് സെർവ് ചെയ്തതു കൊണ്ട് ഇനി ഞാൻ അതിനെപ്പററി റൂളിംഗ് നൽകുന്നില്ല.

XII. ക്രമപ്രശ്നം

സബ്ജക്ട് കമ്മിറ്റികളുടെ ബഡ്ജറ്റ് പരിശോധന സംബന്ധിച്ചും തെററുകൂടാതെ കൂടിയത് സംബന്ധിച്ചും

പ്രൊ. എ. സി. ഷൺമുഖദാസ്: സർ, പൊതു ചർച്ച ആരംഭിക്കുന്നതിന് മുൻപ് നടപടി ചട്ടങ്ങളുടെ രണ്ട് വാക്ക് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കാരണം ചർച്ചയുടെ പ്രസക്തിയെക്കുറിച്ച് അറിയാൻവേണ്ടിയാണ്. അതിൽ 142-ൽ പറയുന്നത് At the conclusion of the discussion on the Budget under rule 141, the Demands for Grants shall stand referred to the appropriate Subject Committees for scrutiny and report. 236 (1)-ൽ പറയുന്നത്, each subject Committee shall, at the conclusion of the discussion referred to in rule 141, scrutinise the demands for grants falling within its purview. 236 (2): The Subject Committees shall complete the scrutiny of all the demands for grants within a period not exceeding four weeks from the date of completion of the discussion referred to in rule 141. ഇതിൻെറ അർത്ഥം ഇന്ന് ചർച്ച തുടങ്ങി നാളെയും തുടരും. 18-ന് അവസാനിക്കും. 18-ന് അവസാനിച്ചാൽ നാലാഴ്ചക്കുള്ളിൽ, ഏപ്രിൽ 18-നുള്ളിൽ നമ്മൾ സബ്ജക്ട് കമ്മിറ്റി കൂടി ഡിമാൻറ് ഡിസ്ക്ഷൻ നടത്തണം. എങ്കിൽ മാത്രമേ ഇന്നത്തെ ചർച്ചക്ക്

LIBRARY ARCHIVES Kerala Legislative Assembly

പ്രസക്തിയുള്ളൂ. സ്വാഭാവികമായും നമുക്കൊക്കെ അറിയാം, പ്രധാന മന്ത്രിയുടെ പ്രസ്താവന അംഗീകരിക്കാമെങ്കിൽ, ഇലക്ഷൻ കമ്മീഷൻ അംഗങ്ങളുടെയും ശേഷൻറെയുമൊക്കെ പ്രസ്താവന അംഗീകരിക്കാമെങ്കിൽ, മിക്കവാറും തെരഞ്ഞെടുപ്പ് തീയതി ഏതാനും ദിവസങ്ങൾക്കുള്ളിൽ, പരമാവധി ഒരാഴ്ചക്കുള്ളിൽ പ്രഖ്യാപിക്കും. അങ്ങനെ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചാൽ പിന്നെ സബ്ജക്ട് കമ്മിറ്റിക്ക് പ്രസക്തിയില്ല. അങ്ങനെ വരുമ്പോൾ സ്വാഭാവികമായും മൂന്നു ദിവസത്തെ നിയമസഭയുടെ പ്രവർത്തനം വ്യർത്ഥ വ്യായാമമായിത്തീരും. അതിനപ്പുറമെന്താണ്? അങ്ങനെ വ്യർത്ഥ വ്യായാമമുള്ള ഒരു കാര്യത്തിനു വേണ്ടി നമ്മൾ സമയം ചെലവഴിക്കണമോ? നിയമപരമായും മറ്റു രീതിയിലും ശരിയാണ്. സബ്ജക്ട് കമ്മിറ്റിയെ സംബന്ധിച്ചിടത്തോളം നമുക്ക് ചട്ടങ്ങളും വ്യവസ്ഥകളുമുണ്ട്. ഇവിടെ ഇത്തരത്തിലൊരു ചർച്ച എപ്പോൾ ചെയ്യണം, എന്ന് പൂർത്തീകരിക്കണമെന്ന് ചട്ടങ്ങളിലൊരിടത്തും പറയുന്നില്ല. അങ്ങനെ പറയാത്തതുകൊണ്ട് അടുത്ത നിയമസഭയിൽ ചർച്ചയ്ക്ക് അവസരം കൊടുത്താൽ പോരേ? ഞങ്ങൾ പറഞ്ഞു, ഒരു ഫുൾ ബഡ്ജറ്റ് പോകുന്നതിൽ അർത്ഥമില്ല, ഇടക്കാല ബഡ്ജറ്റ് എന്നുള്ള പ്രഖ്യാപനം വന്നപ്പോൾ അപ്പുറത്ത് കൈയടിക്കുകയും ചെയ്തു. ഇടക്കാല ബഡ്ജറ്റുപോലും ഇവിടെ നിലനിൽക്കില്ല. അസംബ്ലിയുടെ ചട്ടങ്ങൾ പ്രകാരം സബ്ജക്ട് കമ്മിറ്റി കൂടി ഡിമാൻറ് ഡിസ്ക്ഷനു സമയം കിട്ടണം. അങ്ങേക്ക് വേണമെങ്കിൽ ഒരാഴ്ചയോ രണ്ടാഴ്ചയോ എക്സ്റ്റെൻറുചെയ്യാം. അത് നടക്കുകയില്ലെന്നറിയാമല്ലോ. അപ്പോൾ സബ്ജക്ട് കമ്മിറ്റി പ്രവർത്തനത്തിൽ നടക്കാത്തിടത്തോളം കാലം ഈ ബഡ്ജറ്റ് ചർച്ച ഫുൾ ബഡ്ജറ്റായാലും ഇടക്കാല ബഡ്ജറ്റായാലും അപ്രസക്തമാണ്. അത് ഇവിടെ റെയിസ് ചെയ്തു. രണ്ടാമത്തെ കാര്യം ബഡ്ജറ്റിലെ രേഖകളും കണക്കുകളും ഒന്നും തെറ്റാൻ പാടില്ല. ഞാൻ ഓർമ്മിപ്പിക്കുന്നു, 1986-ൽ ശ്രീ. വിശ്വനാഥമേനോൻറെ കന്നി ബഡ്ജറ്റ് വന്നു. രേഖകളൊക്കെ പഴയ ഗവൺമെൻറിൻറെ കാലത്ത് പ്രിൻറുചെയ്തതാണ്. സമയമൊന്നുമുണ്ടായിരുന്നില്ല. അതിൽ ഒരു അച്ചടി പിശകുണ്ടായി. അതിനു ഇവിടെ പോയിൻറ് ഓഫ് ഓർഡറായി, ബഹളമായി, സഭ സ്തംഭിപ്പിക്കുന്ന ഒരു സ്ഥിതി വന്നു, കന്നി ബഡ്ജറ്റായിട്ടുപോലും. എൻറെ കൈയിൽ ധാരാളം രേഖകളുണ്ട്. അത് പരിശോധിച്ചപ്പോൾ ഇന്ന് വൈകുന്നേരം വരെ പറയാവുന്ന തെറ്റുകളുണ്ട്. വൈദ്യുതി വളരെ പ്രധാനപ്പെട്ട ഘടകമായതുകൊണ്ട് ഒരു കാര്യം പറയാം. ഞങ്ങളെ സംബന്ധിച്ചിടത്തോളം ബഡ്ജറ്റ് പ്രസംഗം മാത്രമല്ലല്ലോ രേഖ. എക്കണോമിക് റെവ്യൂ, ബഡ്ജറ്റ് ഇൻ ബ്രീഫ് ഇതൊക്കെ ബഡ്ജറ്റിൻറെ ഘടകമായി വരുന്നുണ്ടല്ലോ. എല്ലാം പരിശോധിക്കണമല്ലോ. ബഡ്ജറ്റ് ഇൻ ബ്രീഫിൽ 29-ാമത്തെ പേജിൽ ഇറിഗേഷൻ ആൻറ് പവറിനുവേണ്ടി നീക്കിവച്ചത് 196 കോടി 16 ലക്ഷമാണ്. അടുത്ത പേജിൽ എത്തിയപ്പോൾ പവർ വിട്ടുപോയി. ഇറിഗേഷനു മാത്രമാണ് 196 കോടി 16 ലക്ഷം രൂപ. ഇത് ചെറിയ തെറ്റാണോ? പവർ ഇല്ല. വെറും ഇറിഗേഷനുവേണ്ടി മാത്രമാണ്. ഈ തരത്തിലുള്ള നൂറ് അബദ്ധ പഞ്ചാംഗമാണ് ഇവിടെ ഞങ്ങളുടെ മുൻപിൽ അവതരിപ്പിച്ചിട്ടുള്ള രേഖകളെല്ലാം. ഈ രേഖകളുടെ വെളിച്ചത്തിൽ അങ്ങയുടെ റൂളിംഗ് വേണം. അത് പരിശോധിക്കണം. അതിനുശേഷം മാത്രമേ ബഡ്ജറ്റ് പ്രസംഗം കൊണ്ട് അർത്ഥമുള്ളൂ. അതുകൊണ്ട് അങ്ങ് ആ കാര്യത്തിൽ വ്യക്തമായ റൂളിംഗ് നൽകണം.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ-വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആദ്യഭാഗത്തോടുകൂടി ഞാൻ യോജിക്കുന്നു. റൂൾ 141-അനുസരിച്ച് ബഹുമാനപ്പെട്ട സ്പീക്കർ നിർദ്ദേശിക്കുന്ന ദിവസങ്ങളിൽ ബഡ്ജറിനെപ്പറ്റി സഭയ്ക്ക് വിശദമായി ചർച്ച ചെയ്യാം. The budget as a whole or any principle involved therein ഇത് സഭാംഗങ്ങളുടെ സുപ്രധാനമായ ഒരു അവകാശമാണ്. മൂന്നു ദിവസം ചർച്ച ചെയ്യണമെന്നുള്ളതാണ് നമ്മുടെ കീഴ്വഴക്കം. ഈ അവകാശം സഭയിൽ എല്ലാവർക്കുമുള്ളതുപോലെതന്നെ ഈ കാര്യത്തിൽ കൂടുതൽ അവകാശം ഉള്ളത് പ്രതിപക്ഷങ്ങൾക്കാണ്. കഴിഞ്ഞ മൂന്നുവർഷക്കാലത്തെ ഗവൺമെൻറിന്റെ നയങ്ങളും പ്രവർത്തനങ്ങളും അടുത്തതായി പ്രൊജക്ട് ചെയ്തിരിക്കുന്ന നയങ്ങളും വിമർശനവിധേയമാക്കാനുള്ള സന്ദർഭമാണിത്. ഇത് മാറ്റിവയ്ക്കണമെന്നു പറയുന്നതോ ഇത് ഒരു futile exercise ആണെന്ന് പറയുന്നതോ ശരിയല്ല. ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും പ്രത്യേകിച്ച് പ്രതിപക്ഷ അംഗങ്ങൾക്കുതന്നെ ഇത് അസ്വീകാര്യമാകുമെന്നാണ് എന്റെ ധാരണ. രണ്ടാമത്തെ കാര്യം, ഇത് കഴിഞ്ഞതിനുശേഷം നമുക്ക് സബ്ജക്ട് കമ്മിറ്റിയുടെ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിയുമോയെന്നുള്ളതാണ്. അത് ഇപ്പോഴത്തെ നിലയ്ക്ക് ഇലക്ഷൻ നോട്ടിഫിക്കേഷൻ വരാത്തതുകൊണ്ട് നമുക്ക് പറയാൻ കഴിയുകയില്ല. ഇതിനു മുൻപ് ഒരു പ്രീസിഡൻറ് ഉണ്ട്. സബ്ജക്ട് കമ്മിറ്റിയിൽ ഡിമാൻറ് ചർച്ച ചെയ്യാൻ സമയമില്ലാത്തതുകൊണ്ട് ബന്ധപ്പെട്ട റൂൾ വേവ്ചെയ്യാൻ സഭയ്ക്ക് അവകാശം ഉണ്ട്. 1986-ൽ ശ്രീ. വിശ്വനാഥമേനോൻ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ സമയമില്ലാത്തതുകൊണ്ട് അത് സബ്ജക്ട് കമ്മിറ്റിക്ക് പോകണമോ അല്ലെങ്കിൽ പോയിട്ട് ഇത്ര ആഴ്ചക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമോ എന്നുള്ള കാര്യം സംബന്ധിച്ച് റൂൾ വെയ്വു ചെയ്ത പ്രീസിഡൻറും ഉണ്ട്. അത് ബഡ്ജറിന്റെ മൂന്നു ദിവസത്തെ ചർച്ച കഴിഞ്ഞതിനുശേഷം നമുക്ക് ആലോചിക്കാവുന്നതാണ്. ബഡ്ജറ് ചർച്ച നിറുത്തിവയ്ക്കണമെന്നു പറഞ്ഞിട്ട് കാര്യമില്ല. മൂന്നാമത്, ഇവിടെ അദ്ദേഹം എഴുതി തന്നതിനകത്ത് പറഞ്ഞിരുന്നത്, ബഡ്ജറ് രേഖകളിൽ കാണുന്ന ചില തെറ്റുകൾ വന്നിട്ടുണ്ടെന്നാണ്. അത് ഞാൻ പരിശോധിക്കാം. ഇന്ന തെറ്റാണെന്ന് ഇപ്പോൾ ആണ് ചൂണ്ടിക്കാണിച്ചത്. ചിലപ്പോൾ തെറ്റുകൾ സംഭവിച്ചേക്കാം. ഇല്ലെന്ന് ഞാൻ പറയുന്നില്ല. മൂന്നു ദിവസത്തെ ചർച്ചയിൽ തെറ്റുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ തിരുത്താം. അക്ഷന്തവ്യമാണെങ്കിൽ മാപ്പു പറയാം. അതല്ല എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ നമുക്ക് ചെയ്യാം. ഇപ്പോൾ എന്താണെന്നറിയില്ല. 1986-ൽ ശ്രീ. വിശ്വനാഥമേനോൻ ബഡ്ജറ് അവതരിപ്പിച്ചപ്പോൾ പ്രതിപക്ഷത്തുനിന്ന് വലിയ ബഹളമുണ്ടാക്കിയെന്നുള്ളത് ഒരു പ്രീസിഡൻറായി എടുക്കണ്ട. ഞാൻ അന്വേഷിച്ചപ്പോൾ അന്ന് അതിന്റെ ഇംഗ്ലീഷ് വെർഷനിലും മലയാളം വെർഷനിലും ഒരു വ്യത്യാസം സംബന്ധിച്ചാണ് അന്ന് പ്രതിപക്ഷം ബഹളമുണ്ടാക്കിയതെന്നാണ് എന്റെ ധാരണ. അത് നമുക്ക് പരിഹരിക്കാവുന്നതേയുള്ളൂ. എന്തെങ്കിലും mistakes ഉണ്ടെങ്കിൽ ചർച്ചയിൽ വെളിവാകും. എനിക്ക് മറുപടി പറയാൻ കഴിയും. വിശദീകരിക്കാൻ കഴിയും, തെറ്റുകളുണ്ടെങ്കിൽ തിരുത്താൻ കഴിയും. അതുകൊണ്ട് ആ ഒബ്ജക്ഷൻ ഇപ്പോൾ പ്രിമേച്വറാണെന്ന് ഞാൻ വിനയപൂർവ്വം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly